# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

## വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ്

കേരള മുനിസിപ്പൽ ആക്ട് 1994 ലെ 20–ാം ആക്ട് 436, 437 വകുപ്പുകളോട് 567–ാം വകുപ്പ് കൂടി വായിച്ച പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ തയ്യാറാക്കിയ കരട് ബൈലോ.

1. ചുരുക്കപ്പേര് : ഈ ബൈലോ 2021 ലെ വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് എന്ന പേരിൽ അറിയപ്പെടും.
2. ഉദ്ദേശ്യം : കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന വളർത്തു മൃഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി അവയെ വളർത്തുവാനുള്ള ലൈസൻസ് ഉടമസ്ഥന് അനുവദിക്കലും പേവിഷബാധ തടയുന്നതുമായി ബന്ധപ്പെട്ട് ചട്ടങ്ങളും നടപടിക്രമങ്ങളും വ്യവസ്ഥപ്പെടുത്തുകയുമാണ്.
3. ആരംഭം: ബൈലോ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ നടപ്പിൽവരുന്നതാണ്.
4. വ്യാപ്തി: ഈ ബൈലോയുടെ വ്യാപ്തി കൊല്ലം നഗരസഭയുടെ മുഴുവൻ ഭാഗങ്ങളിലും അതിർത്തിക്കുള്ളിലുമായിരിക്കും.

### പാർട്ട് 1 : നിർവ്വചനങ്ങൾ/വ്യാഖ്യാനങ്ങൾ

1. ആക്ട്: എന്നാൽ 1994 കേരള മുനിസിപ്പൽ ആക്ട് (1994 ലെ 20–ാം ആക്ട്)എന്നർത്ഥമാക്കുന്നു.
2. കോർപ്പറേഷൻ : എന്നാൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ എന്നുദ്ദേശിക്കുന്നു.
3. കൗൺസിൽ എന്നാൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ എന്നർത്ഥമാക്കുന്നു.
4. മേയർ എന്നാൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർ എന്നർത്ഥമാക്കുന്നു.
5. സെക്രട്ടറി എന്നാൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാക്കുന്നു.
6. ലൈസൻസ് എന്നാൽ ഈ ബൈലോ പ്രകാരം വളർത്തുന്ന മൃഗങ്ങൾക്ക് അനുവദിക്കുന്ന ലൈസൻസ്.
7. വളർത്തുമൃഗം എന്നാൽ വിനോദത്തിനായോ, ഓമനമൃഗമായോ വളർത്തുന്നത്. പ്രജനനമൃഗം/ബ്രീഡിംഗ് ആനിമൽ – വാണിജ്യ ആവശ്യങ്ങൾക്കായി പ്രജനനം നടത്തുന്നതിനായി വളർത്തുന്ന മൃഗം
8. ലൈസൻസി: ഈ ബൈലോ പ്രകാരം നൽകിയ ലൈസൻസ് നേടിയ വ്യക്തി.
9. ഉടമസ്ഥൻ എന്നാൽ
    - എ. ഈ ബൈലോ പ്രകാരം വളർത്തുമൃഗങ്ങളെ വളർത്തുന്നതിന് ലൈസൻസ് നേടിയ ആൾ.

ബി. വളർത്തുമൃഗങ്ങളുടെ സ്വാഭാവിക വാസസ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണോ അയാൾ.

10. ബ്രീഡർ: വളർത്തുമൃഗങ്ങളെ വാണിജ്യാവശ്യത്തിനായി പ്രജനനം നടത്തി വിൽപ്പന നടത്തുന്ന വ്യക്തി.

11. ബ്രീഡർ ലൈസൻസ് : വളർത്തു മൃഗങ്ങളെ വാണിജ്യാവശ്യങ്ങൾക്കായി പ്രജനനം നടത്തുന്നതിനു വേണ്ടിയുള്ള ലൈസൻസ്.

12. ബ്രീഡർ മൃഗങ്ങൾക്കുള്ള ലൈസൻസ് : വാണിജ്യ ആവശ്യങ്ങൾക്കായി പ്രജനനം നടത്തുന്നതിനായി വളർത്തുന്ന മൃഗം (ബ്രീഡർ സ്റ്റോക്ക്) നുള്ള ലൈസൻസ്.

## പാർട്ട് 2 : വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ്

1. കോർപ്പറേഷൻ പരിധിയിൽ വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസിന്റെ കാലാവധി 1 വർഷം

2. ഈ ബൈലോ പ്രകാരം വളർത്തുമൃഗം കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും പുതിയതായി ലൈസൻസിന് അപേക്ഷിക്കുമ്പോഴോ പുതുക്കുമ്പോഴോ താഴെ പറയുന്ന രേഖകൾ കോർപ്പറേഷൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, ലൈസൻസ് ഫീസ് കോർപ്പറേഷന്റെ മെയിൻ ഓഫീസിലോ, സോണൽ ഓഫീസിലോ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

   (എ) ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷാഫോറം(അനുബന്ധം)
   നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ വളർത്തുമൃഗത്തിന്റെ പ്രായം, തരം, ഇനം, വയസ്സ്, ലിംഗം എന്നിവ കൃത്യമായി രേഖപ്പെടുത്തണം.

   (ബി) വളർത്തുമൃഗം പൂച്ചയോ, നായയോ ആണെങ്കിൽ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. (ഏത് വാക്സിനാണെന്നും, അതിന്റെ കാലവധിയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം).
   പേവിഷബാധയ്ക്കെതിരായുള്ള കുത്തിവയ്പുമൂലം ലഭിക്കുന്ന പ്രതിരോധ കാലയളവ് എത്രയാണോ ആ കാലയളവിലേക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ.

   ഈ കാലയളവിന് ശേഷം ലൈസൻസ് പുതുക്കുന്നതിന് വേണ്ടി നായ/പൂച്ച എന്നിവയ്ക്ക് പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പിന്റെ ബൂസ്റ്റർഡോസ് നൽകിയതിന് ശേഷം വാക്സിനേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷഫോറം, ഫീസ് അടച്ച രസീത് എന്നിവ ഹാജരാക്കി പുതുക്കിയ ലൈസൻസ് കൈപ്പറ്റേണ്ടതാണ്.

   (സി) ഉടമസ്ഥന്റെ ആധാർകാർഡിന്റെ കോപ്പി.

   (ഡി) ലൈസൻസ് ഫീസ് ഒടുക്കിയ രസീത്.

## പാർട്ട് – 3 :ബ്രീഡർ ലൈസൻസ്

1. ബ്രീഡർ ലൈസൻസ് : വളർത്തുമൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുകയും ആയതിൽ നിന്നുണ്ടാകുന്ന കുട്ടികളെ വില്പന നടത്തുന്നവർ നിശ്ചിത ഫീസ് ഒടുക്കി കോർപ്പറേഷനിൽ നിന്നും ബ്രീഡേഴ്സ് ലൈസൻസ് എടുക്കേണ്ടതാണ്.

2. ടി സ്ഥാപനങ്ങൾ അയൽക്കാർക്ക് ശല്യമാകാത്ത രീതിയിൽ സംസ്ഥാന അനിമൽ വെൽഫെയർ ബോർഡിന്റെ രെജിസ്ട്രേഷൻ വാങ്ങി, ബോർഡിന്റെ നിർദ്ദേശങ്ങളും ചട്ടങ്ങളും പാലിച്ചു വേണം മൃഗങ്ങളെ പരിപാലിക്കേണ്ടത്.
3. എല്ലാ ലൈസൻസികളും അനുവദിച്ചിട്ടുള്ള ബ്രീഡർ ലൈസൻസ് ടി സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
4. ഏത് സ്ഥലത്താണോ മൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുന്നത് ടി സ്ഥാപനങ്ങൾ എപ്പോൾ വേണമെങ്കിലും കോർപ്പറേഷനിലെ ബന്ധപ്പെട്ട അധികാരികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്
5. ലൈസൻസിന്റെ കാലാവധി 1 വർഷമാണ്.

<u>പാർട്ട് – 4 : മൃഗസംരക്ഷണ /പരിപാലനകേന്ദ്രങ്ങൾക്കുള്ള ലൈസൻസ്.</u>

1. മൃഗങ്ങളെ സംരക്ഷിക്കുന്ന വ്യക്തികളോ, സംഘടനകളോ നടത്തുന്ന കേന്ദ്രങ്ങൾ 500 രൂപ ഫീസ് ഒടുക്കി ലൈസൻസ് നേടിയിരിക്കണം.
2. വളർത്തുമൃഗങ്ങളെ താൽക്കാലികമായി പരിപാലിക്കുന്ന കേന്ദ്രങ്ങൾ, പെറ്റ് ഹോസ്റ്റലുകൾ, പെറ്റ് ഷോപ്പുകൾ, പെറ്റ് ബോർഡിംഗ് സെന്ററുകൾ തുടങ്ങിയവയും സ്ഥാപനത്തിന്റെ വലിപ്പ ചെറുപ്പം അനുസരിച്ചു ഫീസ് ഒടുക്കി ലൈസൻസ് നേടിയിരിക്കണം.
3. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ അയൽക്കാർക്ക് ശല്യമാകാത്ത രീതിയിൽ അനിമൽ വെൽഫെയർ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചു വേണം മൃഗങ്ങളെ പരിപാലിക്കേണ്ടത്.
4. ലൈസൻസിന്റെ കാലാവധി 1 വർഷമാണ്.

<u>വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കാനുള്ള മാനദണ്ഡം</u>

1. വളർത്തുമൃഗങ്ങളുടെ പരിചരണവും സംരക്ഷണവും ലൈസൻസിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിലായിരിക്കും.
2. അന്യർക്ക് ശല്യമോ ഉപദ്രവമോ ഉണ്ടാക്കുന്ന രീതിയിൽ തന്റെ നിയന്ത്രണത്തിലോ പരിസരത്തോ മൃഗങ്ങളെ വളർത്താൻ പാടില്ല. അങ്ങനെ ചെയ്യുന്നപക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് 436 വകുപ്പ് പ്രകാരം ഉടമസ്ഥനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
3. ലൈസൻസുള്ള മൃഗങ്ങളിൽ നിന്ന് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉടമസ്ഥൻ ഉത്തരവാദിയായിരിക്കും.
4. മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമേ വളർത്താൻ പാടുള്ളൂ.
5. ഒന്നിൽ കൂടുതൽ മൃഗങ്ങളെ വളർത്തുകയാണെങ്കിൽ ഓരോ മൃഗത്തിനും പ്രത്യേകം ലൈസൻസ് എടുക്കണം.
6. ലൈസൻസ് അനുവദിക്കുന്നതിനായി പ്രസ്തുത വളർത്തുനായയെ കോർപ്പറേഷൻ അനുശാസിക്കുന്ന മൈക്രോചിപ്പിങിന് വിധേയമാക്കേണ്ടത് ഉടമയുടെ ഉത്തരവാദിത്വമാണ്. നിലവിൽ മൈക്രോചിപ്പുള്ള നായ്ക്കൾക്ക് അതേ ചിപ്പുതന്നെ തിരിച്ചറിയൽ അടയാളമായി ഉപയോഗിക്കാവുന്നതാണ്.
7. ലൈസൻസുള്ള വളർത്തുമൃഗം പ്രസവിച്ചാൽ ലൈസൻസി, കുഞ്ഞുങ്ങളുടെ വിവരങ്ങൾ അറിയിക്കേണ്ടതും നാലു മാസത്തിനകം ലൈസൻസ് എടുക്കേണ്ടതുമാണ്.
8. എല്ലാ നായ്ക്കുട്ടികൾക്കും, പൂച്ചക്കുട്ടികൾക്കും 9 –12 ആഴ്ച പ്രായമാകുമ്പോൾ തന്നെ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നൽകേണ്ടതാണ്.

9. കോർപ്പറേഷൻ പരിധിയിൽ സാധാരണഗതിയിൽ ഒരാൾക്ക് പരമാവധി 10 നായകളെ മാത്രമേ വാണിജ്യപരമല്ലാത്ത ആവശ്യങ്ങൾക്ക് വളർത്തുവാൻ അനുവാദമുള്ളൂ. ഒന്നിൽ കൂടുതൽ നായകളെ വളർത്തുമ്പോൾ ഓരോ നായയ്ക്കും പ്രത്യേക ലൈസൻസ് ആവശ്യമാണ്. ഏതെങ്കിലും കാരണത്താൽ വളർത്തുന്ന നായകളുടെ എണ്ണം (വാണിജ്യപരമല്ലാത്തത്) 10 കൂടുതലാണെങ്കിൽ ആയത് ഉടൻ തന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## മൃഗപരിപാലന കേന്ദ്രം / ബ്രീഡർ ലൈസൻസികളുടെ ചുമതല

1. മൃഗപരിപാലന കേന്ദ്രം / പ്രജനന കേന്ദ്രങ്ങൾ നടത്തുന്നവർ അതാത് മൃഗങ്ങളുടെ പ്രത്യുല്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അവയുടെ ആരോഗ്യ സ്ഥിതി, സ്വഭാവം, പോഷകാഹാരം എന്നിവയെക്കുറിച്ചെല്ലാം അറിവുള്ളവരായിരിക്കണം.
2. മൃഗപരിപാലന കേന്ദ്രം / പ്രജനന കേന്ദ്രത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയേ മൃഗങ്ങളെ സൂക്ഷിക്കാൻ പാടുള്ളൂ. അവയ്ക്കാവശ്യമായ ഭക്ഷണം, വെള്ളം, സ്ഥലം ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പുവരുത്തണം.
3. മൃഗപരിപാലന കേന്ദ്രം / പ്രജനന കേന്ദ്രങ്ങൾ നടത്തുന്നവർ തന്റെ സ്ഥാപനത്തിൽ കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.
4. ടി സ്ഥാപനങ്ങൾ അയൽക്കാർക്ക് ശല്യമാകാത്ത രീതിയിൽ അനിമൽ വെൽഫെയർ ബോർഡിന്റെ രെജിസ്ട്രേഷൻ വാങ്ങി, നിർദ്ദേശങ്ങളും ചട്ടങ്ങളും പാലിച്ചു വേണം മൃഗങ്ങളെ പരിപാലിക്കേണ്ടത്.
5. മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമേ വളർത്താൻ പാടുള്ളൂ.
6. അസഹനീയമായ ശബ്ദം, മാലിന്യം, മാലിന്യത്തിൽ നിന്നുള്ള ദുർഗന്ധം എന്നിവ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ ഉണ്ടായിരിക്കേണ്ടതാണ്.
7. ബ്രീഡർ നായയെ വളർത്തുന്നവർ വെറ്റിനറി ഡോക്ടർ പരിശോധന നടത്തി, പൂർണ്ണ ആരോഗ്യമുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയ 18 മാസം പ്രായമുള്ള നായ്ക്കളെ മാത്രമേ പ്രജനനത്തിന് ഉപയോഗിക്കാവൂ.
8. എട്ട് വയസ്സിന് മുകളിലുള്ള നായ്ക്കളെ ഇണചേർക്കരുത്. ഒരു നായക്ക് വർഷത്തിൽ ഒരു പ്രസവം എന്ന നിരക്കിൽ പ്രജനനം ക്രമീകരിക്കണം. ഒരു പെൺനായയേയും, അതിന്റെ അടുത്തടുത്ത പ്രജനന കാലയളവിൽ പ്രജനനത്തിനായി ഉപയോഗിക്കാൻ പാടില്ല.

## ലൈസൻസ് കൈമാറ്റം ചെയ്യൽ

കോർപ്പറേഷൻ ഒരു വ്യക്തിക്ക് വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നത് അപേക്ഷയിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് വളർത്തുവാൻ വേണ്ടി മാത്രമാണ്. ആയതിനാൽ ലൈസൻസി തന്റെ വളർത്തുമൃഗത്തിനെ കൈമാറ്റം ചെയ്താൽ പുതിയതായി ഉടമസ്ഥാവകാശം കിട്ടുന്ന വ്യക്തി 30 ദിവസത്തിനകം കോർപ്പറേഷനിൽ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. മുൻലൈസൻസിന്റെ അസ്സൽ, പുതിയ ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖകൾ എന്നിവ കോർപ്പറേഷനിൽ സമർപ്പിച്ച് ലൈസൻസ് പുതിയ ഉടമയുടെ പേരിൽ ആക്കേണ്ടതാണ്

**ലൈസൻസ് പുതുക്കൽ**

* ലൈസൻസിന്റെ കാലാവധി ഒരു വർഷം ആയിരിക്കും. വർഷംതോറും ലൈസൻസ് പുതുക്കേണ്ടതാണ്.
* ലൈസൻസ് കാലാവധി തീർന്ന്, 10 ദിവസത്തിനകം നായ/പൂച്ച യ്ക്ക് ബൂസ്റ്റർ വാക്സിനേഷൻ നൽകി ലൈസൻസ് പുതുക്കേണ്ടതാണ്. വെറ്റിനറി സർജൻ, വാകിസ്നേഷൻ ഡീറ്റെയിൽസ് ഹെൽത്ത് കാർഡിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തണം.
* മറ്റ് വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് പുതുക്കാനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് 15 ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്.

**അപേക്ഷാ ഫോറം**

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ മാത്രമേ ലൈസൻസിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. (അനുബന്ധം 1 – )

**ലൈസൻസ് ഫീസ്**

1. **വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് ഫീസ് –**
   - വളർത്തു നായ – ലൈസൻസ് ഫീസ് 250/– രൂപ
   - പൂച്ച - 100/– രൂപ (മൈക്രോചിപ്പിന്റെ വില ഉൾപ്പെടുന്നതല്ല)
   - പന്നി /കന്നുകാലികൾ- 100/– രൂപ
   - കുതിര /മറ്റു വലിയ മൃഗങ്ങൾ - 1000/– രൂപ

2. **ബ്രീഡർ ലൈസൻസ് ഫീസ്**
   - ഒരു ബ്രീഡർ നായയ്ക്ക് 500/– രൂപ എന്ന തോതിൽ ലൈസൻസ് ഫീസായി ഒടുക്ക് വരുത്തേണ്ടതാണ്. (മൈക്രോചിപ്പിന്റെ വില ഉൾപ്പെടുന്നതല്ല)
   - ഒരു ബ്രീഡർ പൂച്ചക്ക് 250/– രൂപ എന്ന തോതിൽ. (മൈക്രോചിപ്പിന്റെ വില ഉൾപ്പെടുന്നതല്ല)

**ലൈസൻസിന്റെ മാതൃക**

[അനുബന്ധം കാണുക]

**ലൈസൻസ് റദ്ദാക്കൽ**

- ലൈസൻസുള്ള വളർത്തുമൃഗം മരണപ്പെട്ടാൽ രേഖാമൂലം അറിയിച്ച് ലൈസൻസ് റദ്ദാക്കേണ്ടതാണ്.

- ലൈസൻസുള്ള വളർത്തുമൃഗത്തിനെ മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലേക്ക് / മറ്റൊരു വ്യക്തിക്ക് കൈമാറ്റം ചെയ്താൽ രേഖാമൂലം ലൈസൻസ് റദ്ദാക്കേണ്ടതാണ്.
- ഈ ബൈലോയിൽ നിഷ്കർഷിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾ തുടർച്ചയായി 3 പ്രാവശ്യം ലംഘിച്ചാൽ ലൈസൻസ് റദ്ദാക്കുന്നതാണ്.

<u>**പിഴ/ശിക്ഷ**</u>

ഈ ബൈലോയിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം, നിയമലംഘനം നടത്തുന്ന ആളിൽ നിന്നും 1000/- രൂപ പിഴ ഈടാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. പിഴ അടയ്ക്കാനുള്ള നോട്ടീസ് ലഭിച്ച ശേഷവും അങ്ങനെയുള്ള ലംഘനം തുടരുകയാണെങ്കിൽ തുടരുന്ന ഓരോ ദിവസത്തിനും 50/- രൂപ യിൽ കവിയാത്ത പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കും.

**പാർട്ട് 5 : ബൈലോയുടെ നടപ്പാക്കൽ**

ബൈലോയിൽ പറയുന്ന സെക്രട്ടറിയുടെ അധികാരങ്ങൾ മറ്റ് ഉദ്യോഗസ്ഥർക്ക് രേഖാമൂലം ഏൽപ്പിച്ച് കൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**പാർട്ട് 6 : ബൈലോ ഭേദഗതി**

ആവശ്യമെന്ന് കാണുമ്പോൾ ഈ ചട്ടങ്ങൾ പുതുക്കാനും ഭേദഗതി ചെയ്യാനും അവയെ വ്യാഖ്യാനിക്കാനും ഉള്ള അധികാരം കൗൺസിലിന് നിക്ഷിപ്തമാണ്.

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

### വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ്

ലൈസൻസ് നമ്പർ :

ഉടമസ്ഥന്റെ പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

വളർത്തുമൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ

തരം(നായ/പൂച്ച/പന്നി/മറ്റ് മൃഗങ്ങൾ)

പേര് : പ്രായം :

ഇനം (ബ്രീഡ്) : ആൺ/പെൺ :

തിരിച്ചറിയാനുള്ള അടയാളം/മൈക്രോചിപ്പ് നമ്പർ:

ലൈസൻസ് കാലാവധി :

കോർപ്പറേഷൻ സെക്രട്ടറി

### നിബന്ധനകൾ

*വളർത്തുമൃഗങ്ങളുടെ പരിചരണവും സംരക്ഷണവും ലൈസൻസിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിലായിരിക്കും.

*മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യത്തിൽ മാത്രമേ വളർത്താൻ പാടുള്ളു.

*അന്യർക്ക് ശല്യമോ ഉപദ്രവമോ ഉണ്ടാക്കുന്ന രീതിയിൽ തന്റെ നിയന്ത്രണത്തിലോ പരിസരത്തോ മൃഗങ്ങളെ വളർത്താൻ പാടില്ല. അങ്ങനെ ചെയ്യുന്നപക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് 436-ാം വകുപ്പ് പ്രകാരം ഉടമസ്ഥനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

*ലൈസൻസുള്ള മൃഗങ്ങളിൽ നിന്ന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ഉടമസ്ഥൻ ഉത്തരവാദിയായിരിക്കും.

* നായ, പൂച്ച - പേവിഷബാധയ്ക്കെതിരായുള്ള കുത്തിവയ്പു മൂലം ലഭിക്കുന്ന പ്രതിരോധ കാലയളവ് എത്രയാണോ ആ കാലയളവിലേക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ. ഈ കാലയളവിനു ശേഷം ലൈസൻസ് പുതുക്കേണ്ടതാണ്.

*ഒന്നിൽ കൂടുതൽ മൃഗങ്ങളെ വളർത്തുകയാണെങ്കിൽ ഓരോ മൃഗത്തിനും പ്രത്യേകം ലൈസൻസ് എടുക്കേണ്ടതാണ്.

*പെൺ വളർത്തുമൃഗം പ്രസവിച്ചാൽ ലൈസൻസി, കുഞ്ഞുങ്ങ ളുടെ വിവരങ്ങൾ അറിയിക്കേണ്ടതും നാലുമാസത്തിനകം ലൈസൻസ് എടുക്കേണ്ടതുമാണ്.

KOLLAM MUNICIPAL CORPORATION

Breeding Animal License Card

License No.

| | |
|---|---|
| Animal's details : | Owner's details |
| Name : | Name : |
| Age : Sex : | Phone No. : |
| Breed/Species : | Address : |
| Vaccination status : | ID Card details: |
| Microchip No. : | |

Signature & Designation of issuing Authority

Date of issue :

Next Renewal Date :

KOLLAM MUNICIPAL CORPORATION

**Breeding /Animal rescue / Boarding Centre License**

License No.

Name and type of institution :

Owner name :

Address :

ID Card details of owner :

Phone No. :

Signature & Designation of issuing Authority

Date of issue :

Licence expires :

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

### വളർത്തുനായ്ക്കൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ

1. അപേക്ഷകനെ സംബന്ധിച്ചുള്ള വിവരങ്ങൾ
   1) പേര്
   2) മേൽവിലാസം
   3) തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് നം.
   4) ഫോൺ നമ്പർ
   5) ഇ–മെയിൽ ഐ.ഡി.
   6) ഐ.ഡി. കാർഡ്/ആധാർ കാർഡ് നമ്പർ
2. അപേക്ഷ സംബന്ധിച്ച വിവരങ്ങൾ :
   a) പുതിയ ലൈസൻസ് ☐
   b) പഴയ ലൈസൻസ് പുതുക്കൽ ☐
3. മുൻ വർഷത്തെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ :
   (പഴയ ലൈസൻസ് പുതുക്കുന്നതിന് മാത്രം ബാധകം)

4. അപേക്ഷാ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ
   രസീത് നം. തീയതി തുക :

5. വളർത്തുനായയെ സംബന്ധിച്ച വിവരങ്ങൾ
   പേര് : ആൺ/പെൺ :
   പ്രായം : ഇനം/ബ്രീഡ് :
   നിറം :
   തിരിച്ചറിയാനുള്ള അടയാളം/ മൈക്രോചിപ്പ് നമ്പർ :
6. പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നടത്തിയതാണോ ?
   കുത്തിവയ്പ് എടുത്താണെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ
   കുത്തിവയ്പ് നടത്തിയ തീയതി :
   വാക്സിൻ തരം :
1. നായയെ വന്ധ്യംകരിച്ചതാണോ?

സ്ഥലം: അപേക്ഷകന്റെ/യുടെ പേരും
തീയതി: ഒപ്പും

വാക്സിനേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, അപേക്ഷാ ഫീസിന്റെ രസീത് എന്നിവയുടെ കോപ്പി അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം.

## ഓഫീസ് ഉപയോഗത്തിന്

ലൈസൻസ് നമ്പർ :

ലൈസൻസ് തരം :

വളർത്തുനായയെ സംബന്ധിച്ച വിവരങ്ങൾ

പേര് : ആൺ/പെൺ :

പ്രായം : ഇനം/ബ്രീഡ് :

നിറം :

തിരിച്ചറിയാനുള്ള അടയാളം :

മൈക്രോചിപ്പ് നമ്പർ :

പ്രതിരോധകുത്തിവയ്പ്പിനെക്കുറിച്ചുള്ള വിവരങ്ങൾ

ലൈസൻസ് നൽകുന്നതിന്/ പുതുക്കുന്നതിനെ സംബന്ധിച്ച തീരുമാനം

സ്ഥലം: ഒപ്പ്

തീയതി:

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

### വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ

1. ലൈസൻസ് ഏതു മൃഗത്തിനാണെന്ന വിവരം (പട്ടി/പൂച്ച/ പന്നി/ മറ്റ് മൃഗങ്ങൾ) :

2. അപേക്ഷ സംബന്ധിച്ച വിവരങ്ങൾ :

   a) പുതിയ ലൈസൻസ് ☐

   b) പഴയ ലൈസൻസ് പുതുക്കൽ ☐

   മുൻ വർഷത്തെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ :

   (പഴയ ലൈസൻസ് പുതുക്കുന്നതിന് മാത്രം ബാധകം)

3. അപേക്ഷകനെ സംബന്ധിച്ചുള്ള വിവരങ്ങൾ

   1) പേര്

   2) മേൽവിലാസം

   3) തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് നം.

   4) ഫോൺ നമ്പർ

   5) ഇ-മെയിൽ ഐ.ഡി.

   6) ഐ.ഡി. കാർഡ്/ആധാർ കാർഡ് നമ്പർ

4. അപേക്ഷാ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ

   രസീത് നം. തീയതി തുക :

5. വളർത്തുമൃഗത്തെ സംബന്ധിച്ച വിവരങ്ങൾ

   പേര് : തരം(നായ/പൂച്ച/ പന്നി /മറ്റ് മൃഗങ്ങൾ):

   പ്രായം : ഇനം(ബ്രീഡ്):

   നിറം :

   തിരിച്ചറിയാനുള്ള അടയാളം/ മൈക്രോചിപ്പ് നമ്പർ :

   പൂച്ച/നായയെ വന്ധ്യംകരിച്ചതാണോ?

6. പേ വിഷബാധ പ്രതിരോധ കുത്തിവയ്പ് നടത്തിയതാണോ (നായ/പൂച്ച എന്നിവക്ക് ബാധകം ?

   കുത്തിവയ്പ് എടുത്താണെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ

   കുത്തിവയ്പ് നടത്തിയ തീയതി :

   വാക്സിൻ തരം :

സ്ഥലം: അപേക്ഷകന്റെ/യുടെ പേരും

തീയതി: ഒപ്പും

## അനുബന്ധം 4

## വളർത്തുമൃഗങ്ങളുടെ ലൈസൻസ് റദ്ദാക്കാനുള്ള അപേക്ഷ

1. ലൈസൻസ് നമ്പർ :

   ലൈസൻസ് തരം വളർത്തുമൃഗം : ബ്രീഡർ ലൈസൻസ് :

2. അപേക്ഷകന്റെ വിവരങ്ങൾ

   പേര് :

   ഉടമസ്ഥന്റെ മേൽവിലാസം:

   പ്രജനനകേന്ദ്രത്തിന്റെ മേൽവിലാസം (ബ്രീഡർ ലൈസൻസിനു മാത്രം ബാധകം )

   :

   വാർഡ് നമ്പർ :

   ആധാർ കാർഡ് നമ്പർ :

   ഇ-മെയിൽ ഐ.ഡി. :

   ഫോൺ നമ്പർ

2. മൃഗത്തെ സംബന്ധിച്ച വിവരങ്ങൾ

   തരം(പട്ടി/പൂച്ച/ പന്നി /മറ്റ് മൃഗങ്ങൾ) :

   പേര് : പ്രായം : ഇനം/ ബ്രീഡ് :

   നിറം :

   തിരിച്ചറിയാനുള്ള അടയാളം :

3. ലൈസൻസ് റദ്ദാക്കാനുള്ള കാരണം :

സ്ഥലം:

അപേക്ഷകന്റെ/യുടെ ഒപ്പ്

തീയതി:

---

ഓഫീസ് ഉപയോഗത്തിന്

പരിശോധന ഉദ്യോഗസ്ഥന്റെ തീരുമാനം :

ഒപ്പ്

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

### ബ്രീഡർ ലൈസൻസിനുള്ള അപേക്ഷഫോറം

1) അപേക്ഷ സംബന്ധിച്ച വിവരങ്ങൾ :

a) പുതിയ ലൈസൻസിനു വേണ്ടി ☐ b) പഴയ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ☐

പഴയ ലൈസൻസ് നമ്പർ (പുതുക്കലിനു മാത്രം ബാധകം) :

b)അപേക്ഷാ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ

രസീത് നം. : തീയതി : തുക :

3) മൃഗത്തെ വളർത്തുന്ന ആളിന്റെ വിവരങ്ങൾ :

പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

ഇ–മെയിൽ ഐ.ഡി. :

ആധാർ കാർഡ് നമ്പർ :

4) വളർത്തൽ കേന്ദ്രത്തിനെക്കുറിച്ചുള്ള വിവരങ്ങൾ :

സ്ഥാപനത്തിന്റെ പേര് :

ഉടമസ്ഥാവകാശം :

സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം/മേൽവിലാസം:

വാർഡ് നം. :

തദ്ദേശ സ്വയംഭരണ സ്ഥാപനം :

5) സംസ്ഥാന അനിമൽ വെൽഫേർ ബോർഡിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ :

6) വളർത്തുന്ന മൃഗങ്ങളുടെ എണ്ണം :

ആൺ പെൺ

7) ജോലിക്കാരുടെ എണ്ണം :

8) സ്ഥാപനത്തിൽ വെറ്റിനറി ഡോക്ടറുടെ സേവനം ലഭ്യമാണോ? ആണെങ്കിൽ ആയതിന്റെ വിവരങ്ങൾ.

9) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

10) മൃഗപരിപാലനവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ

11) വളർത്തുന്ന മൃഗങ്ങളുടെ വിശദവിവരങ്ങൾ :

(5-ൽ കൂടുതൽ മൃഗങ്ങൾ ഉണ്ടെങ്കിൽ വിവരങ്ങൾ വെള്ളകടലാസിൽ എഴുതി സമർപ്പിക്കണം)

| വിശദവിവരങ്ങൾ | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| പേര് | | | | | |
| വയസ്സ് | | | | | |
| ഇനം/ ബ്രീഡ് : | | | | | |
| തരം (പട്ടി/പൂച്ച/ മറ്റ് മൃഗങ്ങൾ) | | | | | |
| നിറം | | | | | |
| മൈക്രോചിപ്പ് നം. | | | | | |
| തിരിച്ചറിയാനുള്ള അടയാളം | | | | | |
| പ്രതിരോധ കുത്തിവയ്പ് നടത്തിയ തീയതി<br><br>വാക്സിൻതരം / പേര് | | | | | |

സ്ഥലം: അപേക്ഷകന്റെ/യുടെ ഒപ്പ്

തീയതി:

എല്ലാ മൃഗങ്ങളുടെയും വാക്സിനേഷൻ കാർഡ്, ഉടമസ്ഥന്റെ ആധാർ കാർഡ്, സംസ്ഥാന അനിമൽ വെൽഫേർ ബോർഡിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ കോപ്പി അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം.

---

ഓഫീസ് ഉപയോഗത്തിന്

പരിശോധന ഉദ്യോഗസ്ഥന്റെ തീരുമാനം :

ഒപ്പ്

# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

## റാബിസ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്

**ഉടമസ്ഥന്റെ പേരും മേൽ വിലാസവും**

**പേര്** :

**മേൽവിലാസം** :

**ഫോൺ നമ്പർ** :

**വളർത്തു നായയെ സംബന്ധിച്ച വിവരങ്ങൾ**

**പേര്** :

**ഇനം** :

**ആൺ/പെൺ** :

**പ്രായം** :

**നിറം** :

**തിരിച്ചറിയൽ അടയാളം/**

**മൈക്രോചിപ്പ് നമ്പർ** :

## കുത്തിവയ്പ് വിവരങ്ങൾ

| തീയതി | വാക്സിന്റെ വിവരങ്ങൾ | അടുത്ത കുത്തിവയ്പ് തീയതി | വെറ്ററിനറി ഡോക്ടറുടെ ഒപ്പും സീലും |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

- വർഷം തോറും റാബിസ് പ്രതിരോധ കുത്തിവയ്പ് നിർബന്ധമായും നൽകേണ്ടതാണ്.
- ഈ സർട്ടിഫിക്കറ്റിന്റെ കോപ്പി കോർപ്പറേഷനിൽ ഹാജരാക്കി ലൈസൻസ് എടുക്കേണ്ടതാണ്.